# കേരളാ ലിങ്ക്
# Kerala Link

e-mail:info@keralalink.co.uk web:www.keralalink.co.uk

**24 JUNE 2020** email: info@keralalink.co.uk ISSUE:296


**ഇന്നത്തെ ചിന്താവിഷയം**

നാം കുട്ടിക്കാലം മുതൽക്കേ സദാസമയവും വെളിയിലുള്ള വല്ലതിനേയും കുറ്റം ചുമത്താനാണു് യത്നിച്ചു കൊണ്ടിരിക്കുന്നത്; നാം എപ്പോഴും മറ്റുള്ളവരെ നേരെയാക്കാനാണു നിലകൊള്ളുന്നത്, നമ്മെത്തന്നെയല്ല - സ്വാമി വിവേകാനന്ദൻ

## കേരളത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് യു എൻ അംഗീകാരം




കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കാഴ്ചവച്ച മികവിന് കേരളത്തിന് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം. പബ്ലിക് സർവീസ് ദിനത്തോടനുബന്ധിച്ച് കോവിഡ്19 മഹാമാരി പ്രതിരോധത്തിനായി മികച്ച സേവനം നടത്തിയവരെ ആദരിക്കുന്നതിനായി ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറലിന്റെയും ജനറൽ അസംബ്ലി പ്രസിഡന്റിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ആരോഗ്യമന്ത്രി കെ കെ ശൈലജ പങ്കെടുത്തു.

കോവിഡ് മഹാമാരി ഫലപ്രദമായി പ്രതിരോധിക്കാൻ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ നിന്നുമുള്ള നിർണായക പങ്ക് വഹിച്ച മുൻനിര പ്രതിനിധികളെയാണ് പരിപാടിയിൽ ഉൾക്കൊള്ളിച്ചത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖരോടൊപ്പം വെർച്വൽ ഓൺലൈൻ ഇവന്റിലും പാനൽ ചർച്ചയിലും ആരോഗ്യ മന്ത്രി പങ്കെടുത്തു. കോവിഡ് പ്രതിരോധത്തിൽ കേരളം സ്വീകരിച്ച ഫലപ്രദമായ നടപടികൾ എന്ന വിഷയം ആസ്പദമാക്കി സംസാരിക്കാനുള്ള അവസരവുമുണ്ടായി. മഹാമാരിയും പൊതുസേവനവും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന പാനൽ ചർച്ചയിലും മന്ത്രി പങ്കെടുത്തു.

## ഇന്ത്യ–പാകിസ്താൻ നയതന്ത്രബന്ധത്തിൽ പുതിയ നിലപാടുമായി കേന്ദ്രം



ഇന്ത്യ - പാകിസ്താൻ നയതന്ത്രബന്ധത്തിൽ പുതിയ നിലപാടുമായി കേന്ദ്ര സർക്കാർ. ഇസ്ലാമാബാദിലെ ഇന്ത്യൻ ഹൈക്കമ്മീഷനിലെ 50 ശതമാനം ഉദ്യോഗസ്ഥരെ തിരിച്ചുവിളിച്ചതിനൊപ്പം ഡൽഹിയിലെ പാകിസ്താൻ ഹൈക്കമ്മീഷനിലെ 50 ശതമാനം ജീവനക്കാരെ തിരിച്ചയക്കാനും തീരുമാനം. പാകിസ്താൻ ഡെപ്യൂട്ടി ഹൈക്കമ്മീഷണറെ വിളിച്ചു വരുത്തിയാണ് ഇന്ത്യ നിലപാട് വ്യക്തമാക്കിയത്. ഏഴ് ദിവസത്തിനകം ജീവനക്കാരുടെ എണ്ണം കുറയ്ക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യൻ ഹൈക്കമ്മീഷനിലെ രണ്ട് ജീവനക്കാരെ പാകിസ്താൻ കസ്റ്റഡിയിലെടുത്തതും പാകിസ്താൻ ഹൈക്കമ്മീഷൻ ആസ്ഥാനം കേന്ദ്രീകരിച്ച് ചാരവൃത്തി വർധിക്കുന്നതായുമുള്ള റിപ്പോർട്ടുകളെയും തുടർന്നാണ് കേന്ദ്ര സർക്കാർ നടപടി.

## നാലായിരത്തിലേറെ പ്രവാസികൾ ഇന്നു കൊച്ചിയിൽ ഇറങ്ങും



കോവിഡ് ലോക്ഡൗൺ രക്ഷാദൗത്യത്തിൽ 23 വിദേശ വിമാന സർവീസുകൾ ഇന്ന് കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ ഇറങ്ങും. നാലായിരത്തിലേറെ പ്രവാസികൾ ഈ വിമാനങ്ങളിൽ കൊച്ചിയിലെത്തും.

സിഡ്നിയിൽ നിന്ന് ഇന്നു പ്രത്യേക വിമാനം കൊച്ചിയിൽ എത്തുന്നുണ്ട്. 180 യാത്രക്കാരുമായി ഡൽഹി വഴി രാത്രി 10ന് ഈ എയർ ഇന്ത്യ വിമാനം കൊച്ചിയിലെത്തും. എയർ അറേബ്യ ഷാർജയിൽ നിന്ന് 5 സർവീസുകൾ നടത്തുന്നുണ്ട്

ഇന്നലെ 9 വിമാനങ്ങളിലായി ആയിരത്തി അറുനൂറോളം പ്രവാസികൾ കൊച്ചിയിലെത്തി. 3 വിമാനങ്ങൾ റദ്ദാക്കി. ആഭ്യന്തര സെക്ടറിൽ 21 വിമാനങ്ങൾ സർവീസ് നടത്തി.

## വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ധീരനായ പടനായകൻ: മുഖ്യമന്ത്രി

വാരിയംകുന്നത്ത് ഹാജി ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് എതിരേ ധീരമായ രീതിയിൽ പടനയിച്ച പടനായകനാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോവിഡ് അവലോകനയോഗത്തിനുശേഷം നടത്തിയ വാർത്താസമ്മേളനത്തിലാണ് വാരിയംകുന്നത്ത് എന്ന സിനിമയുടെ പ്രഖ്യാപനവുമായി ബന്ധപ്പെട്ടുണ്ടായ വിവാദത്തിൽ മുഖ്യമന്ത്രി അഭിപ്രായം പറഞ്ഞത്.

സിനിമയെ ചൊല്ലിയുള്ള വിവാദം തൻറെ ശ്രദ്ധയിൽ വന്നിട്ടില്ല. പക്ഷേ കുഞ്ഞഹമ്മദ് ഹാജിയെ ആദരിച്ചുതന്നെയാണ് കേരളം എക്കാലവും മുന്നോട്ടുപോയിട്ടുള്ളത്. അതിൽ ഏതെങ്കിലും വർഗീയ ചിന്തയുടേതായ സാഹചര്യമുണ്ടോയെന്ന് തനിക്ക് അറിയില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

കഴിഞ്ഞ ദിവസം പ്രഖ്യാപിക്കപ്പെട്ട ആഷിഖ് അബു ചിത്രം 'വാരിയംകുന്നന്റെ' പിന്നാലെ നടൻ പൃഥ്വിരാജിന് നേരെ സംഘപരിവാറിന്റെ നേതൃത്വത്തിൽ രൂക്ഷമായ സൈബർ ആക്രമണം ഉണ്ടായിരുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോഴാണ് മുഖ്യമന്ത്രിയുടെ പ്രതികരണം.

### ശബരിമല വിമാനത്താവളം: സർക്കാരിന് സ്ഥലം ഏറ്റെടുക്കാമെന്ന് ഹൈക്കോടതി

ശബരിമല വിമാനത്താവളത്തിന് സ്ഥലം ഏറ്റെടുക്കാനുള്ള സർക്കാരിന്റെ നടപടികൾ തുടരാമെന്ന് ഹൈക്കോടതി. സ്ഥലം ഏറ്റെടുക്കാൻ സർക്കാരിന് നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിൽ തെറ്റില്ല. ചെറുവള്ളി എസ്റ്റേറ്റ് ഭൂമിയിൽ 600ഓളം ഏക്കർ കൈവശമുള്ള അയന ചാരിറ്റബിൾ ട്രസ്റ്റിന്റെ ഹർജിയാണ് കോടതി പരിഗണിച്ചത്. എന്നാൽ കൈവശക്കാരെ ബലപ്രയോഗത്തിലൂടെ ഒഴിവാക്കരുതെന്ന് കോടതി നിർദ്ദേശിച്ചു.

## ഇന്ത്യൻ വംശജരായ 3 അംഗങ്ങളെ യുഎസ് നീന്തൽക്കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തി

ഇന്ത്യൻ വംശജരായ എട്ടു വയസുകാരിയെയും അമ്മയെയും മുത്തച്ഛനെയും ന്യൂജഴ്സിയിലെ വീട്ടുമുറ്റത്തെ നീന്തൽക്കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തി.

അറുപത്തിരണ്ടുകാരനായ ഭാരത് പട്ടേൽ, 33 വയസുള്ള മരുമകൾ നിഷാ പട്ടേൽ, 8 വയസുള്ള മകൾ എന്നിവരെയാണ് തിങ്കളാഴ്ച ഉച്ചയ്ക്ക് നീന്തൽ കുളത്തിൽ മരിച്ചനിലയിൽ കണ്ടെത്തിയതെന്ന് ഈസ്റ്റ് ബ്രൺസ്വിക്ക് പോലീസ് പറഞ്ഞു. അബദ്ധത്തിലുള്ള മുങ്ങി മരണമാണെന്നാണ് നിഗമനം.

അയൽവാസികൾ ഇവരുടെ നിലവിളികേട്ടതായി പോലീസിനെ അറിയിച്ചു. ഇതെതുടർന്ന് പോലീസ് എത്തി രക്ഷാപ്രവർത്തനം നടത്തിയെങ്കിലും മൂന്നു പേരും സംഭവ സ്ഥലത്തുതന്നെ മരിച്ചു.

ആകസ്മികമായി മുങ്ങിമരിച്ചതാകാമെന്നാണ് നിഗമനമെന്ന് മിഡിൽസെക്സ് കൗണ്ടി റീജിയണൽ മെഡിക്കൽ എക്സാമിനർ ഓഫീസ് അറിയിച്ചു.


Most affordable fares to TRIVANDRUM COCHIN CALICUT

Served millions of satisfied customers since 1992!

Book with confidence ATOL protected

CARLTON LEISURE Worldwide Travel & Tours

To speak in Malayalam Call us on 020 8550 2000|020 8672 5757

www.carltonleisure.com

Excellent Trustpilot

Fly Now Pay Later

Fast, Flexible, Finance for Travel

ILFORD 020 8554 4200 | EAST HAM 020 8552 6125 | TOOTING 020 8672 5757 | RAYNERS LANE 020 8426 1266 | EMERGENCY TRAVEL 07940 450 831